# VedaVakyam_Senior 2023

---

**1) അവൻ സത്യദൈവവും ................................. ആകുന്നു. പൂരിപ്പിക്കുക.**

**A) നിത്യജീവനും**

B) നിത്യനും

C) നിത്യദൈവവും

D) ജീവന്റെ  അപ്പവും

**2) ................................ നിന്നുള്ള .............................. മകനായ എലിശയെ നിനക്കു പകരം പ്രവാചകനായിട്ട് അഭിഷേകം ചെയ്യുകയും വേണം . പൂരിപ്പിക്കുക.**

**A) ആബേൽ മെഹോലയിൽ, സാഫാത്തിന്റെ**

B) മെഹാലയിൽ, ആബേലിന്റെ

C) സാഫാത്തിൽ, മെഹോലയുടെ

D) ആബേൽ  സാഫാത്തിൽ, മെഹോലയുടെ

**3) നിങ്ങളിൽ ദീനമായി കിടക്കുന്നവൻ ................................ വരുത്തട്ടെ. അവർ ............................ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. പൂരിപ്പിക്കുക.**

**A) സഭയിലെ മൂപ്പന്മാരെ, കർത്താവിന്റെ**

B) മൂപ്പന്മാരെ, യേശുവിന്റെ

C) ഇടവകയിലെ, യേശുവിന്റെ

D) മൂപ്പന്മാരെ, കർത്താവിന്റെ

**4) എന്നാൽ ഇപ്പോഴെങ്കിലും, നിങ്ങൾ ....................................... എങ്കലേക്കു തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്. പൂരിപ്പിക്കുക.**

**<u>A) പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ</u>**

B) പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും വിലാപത്തോടും

C) പൂർണ്ണ മനസ്സോടും അനുതാപത്തോടും കരച്ചിലോടും

D) പൂർണ്ണ മനസ്സോടും ഉപവാസത്തോടും വിലാപത്തോടും

**5) അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ ................................ മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ................................ ജീവിപ്പിച്ചു. പൂരിപ്പിക്കുക.**

**<u>A) അഗ്രചർമ്മത്തിലും, അവനോടുകൂടെ</u>**

B) പാപങ്ങളാലും, ക്രിസ്തുവിനോടുകൂടെ

C) ബന്ധനങ്ങളിലും, ക്രിസ്തുവിനാൽ

D) പാപങ്ങളാലും, ക്രിസ്തുവിനാൽ

**6) നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയിൽ ........................... നിങ്ങളിൽ കർതൃത്വം നടത്തുകയില്ലല്ലോ. പൂരിപ്പിക്കുക.**

**<u>A) പാപം</u>**

B) പിശാച്

C) സാത്താൻ

D) പരീക്ഷകൾ

**7) എന്റെ ദാസനായ ........................... നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. ഞാൻ അവന്റെ മുഖം ആദരിച്ച് നിങ്ങളുടെ മൂഢതയ്ക്കു തക്കവണ്ണം നിങ്ങളോടു ചെയ്യാതിരിക്കും. പൂരിപ്പിക്കുക.**

**<u>A) ഇയ്യോബ്</u>**

B) മോശ

C) അബ്രഹാം

D) ദാവീദ്

**8) ദൈവം ............................ അതു അനുഭവിച്ചു തന്റെ ഓഹരി ലഭിച്ചു തന്റെ പ്രയത്നത്തിൽ സന്തോഷിപ്പാൻ അധികാരവും കൊടുത്തിരിക്കുന്നു. പൂരിപ്പിക്കുക.**

**<u>A) ധനവും ഐശ്വര്യവും</u>**

B) ധനവും  മാനവും

C) കരുണയുള്ളവന്

D) പരമാർത്ഥതയുള്ളവന്

**9) എല്ലാവരോടും സമാധാനം ആചരിച്ച് ........................... പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. പൂരിപ്പിക്കുക.**

**<u>A) ശുദ്ധീകരണം</u>**

B) ദൈവരാജ്യം

C) മഹത്വം

D) സമാധാനം

**10) സത്യമായത് ഒക്കെയും .......................... ഒക്കെയും ............................... രമ്യമായത് ഒക്കെയും സൽക്കീർത്തിയായത് ഒക്കെയും ......................... അത് ഒക്കെയും ചിന്തിച്ചുകൊൾവിൻ.**

**<u>A) ഘനമായത്, നീതിയായത്, സൽഗുണമോ പുകഴ്ചയോ</u>**

B) ഘനമായത്, സൽഗുണമായത്, നീതിയായ

C) നീതിയായത്, ഘനമായത്, പുകഴ്ചയായത്

D) നീതിയായത്, സൽഗുണമായത്, ഘനമായത്

**11) റോമർ 11:33 തെരഞ്ഞെടുക്കുക.**

**<u>A) അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.</u>**

B) ദൈവത്തെ  സ്നേഹിക്കുന്നവർക്കു  നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നേ, സകലവും  നന്മയ്ക്കായികൂടി വ്യാപരിക്കുന്നു.

C) നാം  നിൽക്കുന്ന  ഈ  കൃപയിലേക്ക്  നമുക്ക്  അവൻമൂലം വിശ്വാസത്താൽ  പ്രവേശനവും  ലഭിച്ചിരിക്കുന്നു.

D) ദൈവകൃപാവരമോ  നമ്മുടെ  കർത്താവായ യേശുക്രിസ്തുവിൽ  നിത്യജീവൻതന്നേ.

**12) സങ്കീർത്തനം 21:4 തെരഞ്ഞെടുക്കുക.**

**<u>A) അവൻ നിന്നോടു ജീവനെ അപേക്ഷിച്ചു; നീ അവനു കൊടുത്തു എന്നെന്നേക്കുമുള്ള ദീർഘായുസ്സിനെതന്നെ.</u>**

B) മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ.

C) ഞാൻ ജീവനോടെയിരുന്നു യഹോവയുടെ പ്രവർത്തികളെ വർണ്ണിക്കും.

D) എന്റെ ധ്യാനം നിനക്കു പ്രസാദകരമായിരിക്കട്ടെ; ഞാൻ യഹോവയിൽ സന്തോഷിക്കും.

**13) സദൃശ്യവാക്യങ്ങൾ 20:7 തെരഞ്ഞെടുക്കുക.**

**<u>A) പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ; അവന്റെശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ.</u>**

B) ദുഷ്ടനു തന്റെ ദുഷ്ടതയാൽ വീഴ്ച വരുന്നു; നീതിമാനോ മരണത്തിലും പ്രത്യാശയുണ്ട്.

C) ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.

D) ബുദ്ധിമാന്റെ ജീവിതയാത്ര മേലോട്ടാകുന്നു; കീഴെയുള്ള പാതാളത്തെ അവൻ ഒഴിഞ്ഞുപോകുന്നു.

**14) 1 കൊരി 4:7 തെരഞ്ഞെടുക്കുക.**

**<u>A) ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു.</u>**

B) എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നു.

C) കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ.

D) നിങ്ങൾ വല്ലതും ക്ഷമിക്കുന്നവനോട് ഞാനും ക്ഷമിക്കുന്നു.

**15) വി. ലൂക്കോസ് 11:28 തെരഞ്ഞെടുക്കുക.**

**<u>A) ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ.</u>**

B) തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും.

C) പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്ന് ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു.

D) ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൽ, അവരെ തടയരുത്.

**16) യിരമ്യാ 9:23 തെരഞ്ഞെടുക്കുക.**
**A) ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്.**
B) ദ്രവ്യപ്രിയനു ദ്രവ്യം കിട്ടീട്ടും തൃപ്തി വരുന്നില്ല.
C) യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ.
D) നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ.

**17) 2 കൊരിന്ത്യർ 8:4 തെരഞ്ഞെടുക്കുക.**
**A) പ്രാപ്തിപോലെയും പ്രാപ്തിക്കുമീതെയും സ്വമേധയാ കൊടുത്തു എന്നതിന് ഞാൻ സാക്ഷി.**
B) സങ്കടത്തോടെ അരുത്, നിർബന്ധത്താലുമരുത്, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.
C) ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ.
D) സകലവും നിങ്കൽനിന്നല്ലോ വരുന്നത്, നിന്റെ കൈയിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു.

**18) അപ്പോ.പ്ര. 2:47 തെരഞ്ഞെടുക്കുക.**
**A) കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു.**
B) അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു.
C) അവർ അവരുടെമേൽ കൈ വച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവ് ലഭിച്ചു.
D) അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കയും ചെയ്യുന്നത്.

**19) ലേവ്യ 21:6 തെരഞ്ഞെടുക്കുക.**
**A) അവർ തങ്ങളുടെ ദൈവത്തിന്റെ ഭോജനമായ യഹോവയുടെ ദഹനയാഗങ്ങൾ അർപ്പിക്കുന്നു.**
B) നീ മൽക്കീസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു മഹാപുരോഹിതൻ.
C) അവൻ നിന്റെ ദൈവത്തിനു ഭോജനം അർപ്പിക്കുന്നവനാകയാൽ നീ അവനെ ശുദ്ധീകരിക്കണം.
D) ഞാൻ അവരെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു.

**20) സങ്കീർത്തനം 119:97 തെരഞ്ഞെടുക്കുക.**

**<u>A) നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം.</u>**

B) നിന്റെ സാക്ഷ്യങ്ങൾ എന്റെ ധ്യാനമായിരിക്കകൊണ്ട് എന്റെ സകല ഗുരുക്കന്മാരിലും ഞാൻ ബുദ്ധിമാനാകുന്നു.

C) ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കുകയും നിന്റെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു.

D) നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു.

**21) 'കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) എഫെസ്യർ 4:5</u>**

B) ഗലാത്യർ 3:27

C) റോമർ 6:3

D) 2 കൊരിന്ത്യർ 5:17

**22) 'ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) ഗലാത്യർ 3:26</u>**

B) റോമർ 5:2

C) എബ്രായർ 11:6

D) റോമർ 3:25

**23) 'സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) 1 യോഹന്നാൻ 4:16</u>**

B) 1 യോഹന്നാൻ 2:5

C) 1 യോഹന്നാൻ 4:20

D) 1 യോഹന്നാൻ 1:7

**24) 'അവൻ സ്വർഗ്ഗത്തിലേക്കു പോയി ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) 1 പത്രോസ് 3:22</u>**

B) ഫിലിപ്യർ 3:20

C) റോമർ 1:18

D) എബ്രായർ 6:11

**25) 'ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) എബ്രായർ 4:9</u>**

B) അപ്പോ.പ്ര. 13:44

C) പുറപ്പാട് 20:11

D) ആവർത്തനം 5:15

**26) 'മറ്റൊരുത്തനിലും രക്ഷ ഇല്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) അപ്പോ.പ്ര. 4:12</u>**

B) 1 പത്രോസ് 2:24

C) എബ്രായർ 2:4

D) മർക്കോസ് 13:13

**27) 'എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും. റഫറൻസ് എഴുതുക.**

**<u>A) 1 പത്രോസ് 5:4</u>**

B) യാക്കോബ് 5:7

C) റോമർ 13:12

D) 1 യോഹന്നാൻ 3:2

**28) 'കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) യാക്കോബ് 2:13</u>**

B) യോഹന്നാൻ 5:29

C) യോഹന്നാൻ 1:14

D) റോമർ 5:21

**29) 'കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു ആവശ്യംപോലെ ആത്മീയ വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ, ആകാത്തതൊന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) എഫേസ്യർ 4:29</u>**

B) 2 തിമോത്തിയോസ് 2:1

C) 2 പത്രോസ് 3:18

D) സദൃശ്യവാക്യം 3:34

**30) 'മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്‌വാൻ.' റഫറൻസ് തെരഞ്ഞെടുക്കുക.**

**<u>A) 1 കൊരിന്ത്യർ 11:28</u>**

B) 1 കൊരിന്ത്യർ 10:17

C) 1 കൊരിന്ത്യർ 10:16

D) 1 കൊരിന്ത്യർ 12:10

**31) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'ത്രിത്വ'ത്തെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**<u>A) വി. മത്തായി 3:16-17; 2 കൊരിന്ത്യർ 13:14; ലൂക്കോസ് 3:21,22; യോഹന്നാൻ 14:16</u>**

B) 2 കൊരിന്ത്യർ 13:14; 1 കൊരിന്ത്യർ 12:3; യോഹന്നാൻ 14:16; എഫേസ്യർ 4:6

C) എഫേസ്യർ 4:6; 1 കൊരിന്ത്യർ 12:3; 2 കൊരിന്ത്യർ 13:14; മത്തായി 3:17

D) ലൂക്കോസ് 3:21,22; യോഹന്നാൻ 14:16; എഫേസ്യർ 4:6; 2 കൊരിന്ത്യർ 13:14

**32) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'പരിശുദ്ധ റൂഹാ'യെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**<u>A) ഗലാത്യർ 5:22,23 റോമർ 8:9; 1 തെസ്സലോനിക്യർ 5:19; യോവേൽ 2:29</u>**

B) റോമർ 8:9; 1 തെസ്സലോനിക്യർ 5:19; മത്തായി 11:27; 1 യോഹന്നാൻ 5:20

C) മത്തായി 11:27; ഗലാത്യർ 5:22,23; യോവേൽ 2:29; 1 യോഹന്നാൻ 5:20

D) 1 തെസ്സലോനിക്യർ 5:19; 1 യോഹന്നാൻ 5:20; റോമർ 8:9; യോവേൽ 2:29

**33) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'വി. കുമ്പസാര'ത്തെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) മത്തായി 18:18; അപ്പോ.പ്ര. 19:18; ലൂക്കോസ് 15:7; യശയ്യാവ് 1:18**

B) യശയ്യാവ് 1:18; ലൂക്കോസ് 15:7; മത്തായി 4:9; മർക്കോസ് 10:6

C) മത്തായി 4:9; അപ്പോ.പ്ര. 19:18; മർക്കോസ് 10:6; മത്തായി 18:18

D) മർക്കോസ് 10:6; ലൂക്കോസ് 15:7; യശയ്യാവ് 1:18; മത്തായി 4:9

**34) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'വി. കുർബാന'യെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) യോഹന്നാൻ 6:54; 1 കൊരിന്ത്യർ 11:28; അപ്പോ.പ്ര. 20:7; മത്തായി 26:26**

B) മത്തായി 26:26; 1 കൊരിന്ത്യർ 11:28; അപ്പോ.പ്ര. 13:2; മത്തായി 9:6

C) മത്തായി 9:6; യോഹന്നാൻ 6:54; അപ്പോ.പ്ര. 13:2; മത്തായി 26:26

D) യോഹന്നാൻ 6:54; അപ്പോ.പ്ര. 13:2; അപ്പോ.പ്ര. 20:7; യോഹന്നാൻ 6:54

**35) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'വിവാഹ'ത്തെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) മർക്കോസ് 10:6-7; മത്തായി 19:6; എഫേസ്യർ 5:28; കൊലോസ്യർ 3:19**

B) മത്തായി 19:6; എഫേസ്യർ 5:28; യോഹന്നാൻ 2:2; യോഹന്നാൻ 4:24

C) എഫേസ്യർ 2:2; യോഹന്നാൻ 14:13; കൊലോസ്യർ 3:19; മർക്കോസ് 10:6

D) മർക്കോസ് 10:6; എഫേസ്യർ 2:2; യോഹന്നാൻ 4:24; മത്തായി 19:6

**36) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'പ്രത്യാശ'യെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) 1 യോഹന്നാൻ 3:3; യശയ്യാ 38:18; സദൃശ്യവാക്യം 10:28; സങ്കീർത്തനം 25:5**

B) സദൃശ്യവാക്യം 10:28; യശയ്യാ 38:18; സങ്കീർത്തനം 116:1; സഖറിയാ 9:12

C) സഖറിയാ 9:12; സങ്കീർത്തനം 116:1; സങ്കീർത്തനം 25:5; 1 യോഹന്നാൻ 3:3

D) യശയ്യാ 38:18; സദൃശ്യവാക്യം 10:28; സങ്കീർത്തനം 116:1; 1 യോഹന്നാൻ 4:16

**37) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'നരക'ത്തെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) വെളിപ്പാട് 20:15; മത്തായി 25:46; സദൃശ്യവാക്യം 23:14; മത്തായി 5:29**

B) മത്തായി 5:29; സദൃശ്യവാക്യം 23:14; കൊലോസ്യർ 3:21; എഫേസ്യർ 6:1

C) സദൃശ്യവാക്യം 23:14; മത്തായി 25:46; കൊലോസ്യർ 3:21; വെളിപ്പാട് 20:15

D) കൊലോസ്യർ 3:21; വെളിപ്പാട് 20:15; മത്തായി 25:46; എഫേസ്യർ 6:1

**38) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'മാതാപിതാക്കന്മാരെ' കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) 1 തീമോത്തിയോസ് 3:5; മത്തായി 15:4; മർക്കോസ് 7:10; സദൃശ്യവാക്യം 6:20**

B) മത്തായി 15:4; മർക്കോസ് 7:10; സദൃശ്യവാക്യം 6:20; ഗലാത്യർ 6:8

C) ഗലാത്യർ 6:8; മർക്കോസ് 7:10; സദൃശ്യവാക്യം 6:20; കൊലോസ്യർ 3:21

D) മർക്കോസ് 11:24; 1 തീമോത്തിയോസ് 3:5; കൊലോസ്യർ 3:21; ഗലാത്യർ 6:8

**39) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'ക്ഷമ'യെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) ലൂക്കോസ് 21:19; കൊലോസ്യർ 3:13; സദൃശ്യവാക്യം 19:11; 2 കൊരിന്ത്യർ 2:10**

B) കൊലോസ്യർ 3:13; സദൃശ്യവാക്യം 19:11; ലൂക്കോസ് 21:19; സങ്കീർത്തനം 138:6

C) സദൃശ്യവാക്യം 19:11; 2 കൊരിന്ത്യർ 2:10; സങ്കീർത്തനം 138:6; ലൂക്കോസ് 21:19

D) സങ്കീർത്തനം 138:6; കൊലോസ്യർ 3:13; 2 കൊരിന്ത്യർ 2:10; സങ്കീർത്തനം 86:5

**40) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'സമാധാന'ത്തെ കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) സങ്കീർത്തനം 34:14; എഫേസ്യർ 2:17; റോമർ 5:1; യശയ്യാ 26:3**

B) എഫേസ്യർ 2:17; റോമർ 5:1; സങ്കീർത്തനം 85:7; യശയ്യാ 51:8

C) സങ്കീർത്തനം 85:7; എഫേസ്യർ 2:17; യശയ്യാ 51:8; റോമർ 5:1

D) റോമർ 5:1; യശയ്യാ 51:8; സങ്കീർത്തനം 34:14; ലൂക്കോസ് 2:14

**41) 'സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു.' ആര് ആരോടു പറഞ്ഞു?**

**A) യേശുക്രിസ്തു ശമര്യക്കാരി സ്ത്രീയോടു പറഞ്ഞു.**

B) യേശുക്രിസ്തു മഗ്ദനല മറിയയോടു പറഞ്ഞു.

C) പൗലോസ് ശ്ലീഹാ കൊരിന്ത്യസഭയോടു പറഞ്ഞു.

D) പൗലോസ് ശ്ലീഹാ ഗലാത്യസഭയോടു പറഞ്ഞു.

**42) 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നും വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു.' ആര് ആരോടു പറഞ്ഞു?**

**A) യേശു സാത്താനോടു പറഞ്ഞു.**

B) കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു.

C) പൗലോസ് ശ്ലീഹാ സഹപ്രവർത്തകരോടു പറഞ്ഞു.

D) യോഹന്നാൻ സ്നാപകൻ ജനത്തോടു പറഞ്ഞു.

**43) 'നീയോ പൈതലേ അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും.' ആര് ആരോടു പറഞ്ഞു?**

**A) സഖറിയാ പുരോഹിതൻ പുത്രനോടു പറഞ്ഞു.**

B) ഏലി പുരോഹിതൻ ശമുവേൽ ബാലനോടു പറഞ്ഞു.

C) ദൈവദൂതൻ യോഹന്നാനോടു പറഞ്ഞു.

D) വൃദ്ധനായ ശിമയോൻ യേശുക്കുഞ്ഞിനോടു പറഞ്ഞു.

**44) 'ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു.' ആര് ആരോടു പറഞ്ഞു?**

**A) ഇയ്യോബ് യഹോവയോട്**

B) ദാവീദ് യഹോവയോട്

C) പൗലോസ് യേശുവിനോട്

D) ഹെരോദാവ് യേശുവിനോട്

**45) 'നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തുനിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും.' ആര് ആരോടു പറഞ്ഞു?**

**A) മോർദ്ദേഖായി എസ്ഥേറിനോട്**

B) നവോമി രൂത്തിനോട്

C) യഹോവ മോശയോട്

D) യേശു യോഹന്നാൻ സ്നാപകനോട്

**46) 'ഇവനും അബ്രഹാമിന്റെ സന്തതിയാകയാൽ ഇന്നു ഈ വീടിന് രക്ഷ വന്നു.' ആര് ആരോടു പറഞ്ഞു?**

**A) യേശു സക്കായിയോട്**

B) ഇസ്ഹാക്ക് യാക്കോബിനോട്

C) യാക്കോബ് ജോസഫിനോട്

D) യഹോവ ഇശ്മായേലിന്റെ മകനോട്

**47) 'നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു.' ആര് ആരോടു പറഞ്ഞു?**

**A) യഹോവ യിരമ്യാവിനോട്**

B) യേശു നഥാനയേലിനോട്

C) യഹോവ ദാവീദിനോട്

D) യേശു  നിക്കോദിമോസിനോട്

**48) 'നീയും നിന്റെ ഭവനവും പുറപ്പെട്ട് എവിടെയെങ്കിലും പരദേശവാസം ചെയ്തുകൊൾവിൻ.' ആര് ആരോടു പറഞ്ഞു?**

**A) ഏലിശാ, മകനെ ജീവിപ്പിച്ചുകൊടുത്ത സ്ത്രീയോട്**

B) യഹോവാ  അബ്രഹാമിനോട്

C) അബ്രഹാം  തന്റെ  ഭൃത്യനായ  എലയാസറിനോട്

D) മോശ  വഴക്കുതീർക്കാൻ  ശ്രമിച്ചവരിലെ  ഇസ്രായേല്യൻ മോശയോട്.

**49) 'ഞാൻ സകല ഭൂവാസികളുടെയും വഴിയായി പോകുന്നു. നീ ധൈര്യം പൂണ്ടു പുരുഷനായിരിക്ക'. ആര് ആരോടു പറഞ്ഞു?**

**A) ദാവീദ് ശലോമോനോട്**

B) യാക്കോബ്  ജോസഫിനോട്

C) മോശ  യോശുവയോട്

D) അബ്രഹാം  ഇസ്ഹാക്കിനോട്

**50) 'നീ വ്യസനിക്കുന്നത് എന്ത്? ഞാൻ നിനക്കു പത്തു പുത്രന്മാരേക്കാൾ നന്നല്ലയോ.' ആര് ആരോടു പറഞ്ഞു?**

**A) എല്ക്കാനാ ഭാര്യയായ ഹന്നായോട്**

B) സഖറിയാപുരോഹിതൻ  എലിസബേത്തിനോട്

C) അബ്രഹാം  സാറയോട്

D) യാക്കോബ്  റാഹേലിനോട്